**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 337** **05-12-2022 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് ജില്ലയിലെ റേഷൻ വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് ജില്ലയിൽ അടുത്തമാസം മുതൽ റേഷൻ കടകളിൽ വിതരണം ചെയ്യുന്നതിന് വേണ്ടി ഗോഡൗണുകളിൽ എത്തിയിരിക്കുന്നത് മുഴുവനായും പച്ചരിയാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഡിസംബർ മാസത്തെ നോർമൽ വിതരണത്തിനായി കോഴിക്കോട് ജില്ലയിലേക്ക് പുഴുക്കലരി (boiled rice), പച്ചരി, CMR (മട്ടയരി) എന്നിവ ലഭ്യമായിട്ടുണ്ട്. ലഭ്യമായ അരിയുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. PMGKAY വിതരണത്തിനായി പച്ചരി മാത്രമാണ് ലഭ്യമായിട്ടുള്ളത്. |
| (ബി) | പ്രസ്തുത മേഖലയിലെ ആളുകൾ ഭൂരിഭാഗവും പുഴുക്കലരി ഉപയോഗിച്ച് ശീലിച്ചവരാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | കോഴിക്കോട് ജില്ലയിൽ പുഴുക്കലരി, പച്ചരി എന്നിവയാണ് കൂടുതലായും ഉണഭോക്താക്കൾ ആവശ്യപ്പെടുന്നത്. പ്രയോറിറ്റി, നോൺ പ്രയോറിറ്റി കാർഡുകൾക്ക് 50% വീതം പച്ചരിയും പുഴുക്കലരി/ സി.എം.ആർ എന്നിവയുമാണ് വിതരണം ചെയ്യുന്നത്. എ.എ.വൈ. കാർഡുകൾക്ക് കുറഞ്ഞത് 5 കി.ഗ്രാം പച്ചരിയും ബാക്കി പുഴുക്കലരി/ സി.എം.ആർ. എന്ന രീതിയിലാണ് വിതരണം ചെയ്യുന്നത്. എന്നാൽ പുഴുക്കലരിയുടെ അഭാവം മൂലം ആവശ്യപ്പെടുന്നത്ര പുഴുക്കലരി FCI യിൽ നിന്ന് ലഭ്യമാകാത്ത സാഹചര്യമുള്ളതിനാൽ 05/11/2022ൽ വകുപ്പ് മന്ത്രി FCI ഉദ്യോഗസ്ഥരുമായി നടത്തിയ മീറ്റിങ്ങിൽ കോഴിക്കോട് ഉൾപ്പെടെയുള്ള ജില്ലകളിൽ പുഴുക്കലരി ലഭ്യതയുടെ വിഷയത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് FCI യോട് നിർദ്ദേശിക്കുകയും കൂടുതൽ പുഴുക്കലരി ലഭ്യമാക്കുന്നതിന് കേന്ദ്രത്തോട് ആവശ്യപ്പെടാനും ഇക്കാര്യം എം.പി.മാരുടെയടക്കം ശ്രദ്ധയിൽപ്പെടുത്താനും തീരുമാനിക്കുകയും ഇക്കാര്യത്തിൽ കേന്ദ്രസർക്കാരിന് കത്ത് നൽകുകയും ചെയ്തിട്ടുണ്ട്. |
| (സി) | ഇവർക്ക് പുഴുക്കലരി നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ? | (സി) | കോഴിക്കോട് ജില്ലയിൽ പുഴുക്കലരി, പച്ചരി എന്നിവയാണ് കൂടുതലായും ഉണഭോക്താക്കൾ ആവശ്യപ്പെടുന്നത്. പ്രയോറിറ്റി, നോൺ പ്രയോറിറ്റി കാർഡുകൾക്ക് 50% വീതം പച്ചരിയും പുഴുക്കലരി/ |

| | | | |
|---|---|---|---|
| | | | സി.എം.ആർ എന്നിവയുമാണ് വിതരണം ചെയ്യുന്നത്. എ.എ.വൈ. കാർഡുകൾക്ക് കുറഞ്ഞത് 5 കി.ഗ്രാം പച്ചരിയും ബാക്കി പുഴുക്കലരി/ സി.എം.ആർ. എന്ന രീതിയിലാണ് വിതരണം ചെയ്യുന്നത്. എന്നാൽ പുഴുക്കലരിയുടെ അഭാവം മൂലം ആവശ്യപ്പെടുന്നത്ര പുഴുക്കലരി FCI യിൽ നിന്ന് ലഭ്യമാകാത്ത സാഹചര്യമുള്ളതിനാൽ 05/11/2022ൽ വകുപ്പ് മന്ത്രി FCI ഉദ്യോഗസ്ഥരുമായി നടത്തിയ മീറ്റിങ്ങിൽ കോഴിക്കോട് ഉൾപ്പെടെയുള്ള ജില്ലകളിൽ പുഴുക്കലരി ലഭ്യതയുടെ വിഷയത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് FCI യോട് നിർദ്ദേശിക്കുകയും കൂടുതൽ പുഴുക്കലരി ലഭ്യമാക്കുന്നതിന് കേന്ദ്രത്തോട് ആവശ്യപ്പെടാനും ഇക്കാര്യം എം.പി.മാരുടെയടക്കം ശ്രദ്ധയിൽപ്പെടുത്താനും തീരുമാനിക്കുകയും ഇക്കാര്യത്തിൽ കേന്ദ്രസർക്കാരിന് കത്ത് നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

(അളവ് മെ.ടണ്ണിൽ)

| **വിഭാഗം** | **പുഴുക്കലരി** | **പച്ചരി** | **സി.എം.ആർ** | **ആകെ** |
|---|---|---|---|---|
| എ.എ.വൈ | 352 | 689.172 | 114 | 1155.172 |
| പ്രയോറിറ്റി | 1040 | 3375.297 | 486 | 4901.297 |
| മുൻഗണനേതര വിഭാഗം | 824 | 2176 | 400 | 3400 |